## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3745 — 26.06.2012 ൽ മറുപടിയ്ക്ക്

## ചന്തിരൂർ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്

ചോദ്യം

ശ്രീ.എ.എം.ആരീഫ്

ഉത്തരം

സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും
(മലിനീകരണ നിയന്ത്രണവും) വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചന്തിരൂരിൽ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റിന് കിൻഫ്ര വഴി കേന്ദ്ര സർക്കാരിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചത്; | (എ) | ആറു കോടി രൂപ |
| (ബി) | അവിടെ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്; | (ബി) | ഏകദേശം 12.05 കോടി രൂപ |
| (സി) | പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൺസൾട്ടൻസിയായി സംസ്ഥാന സർക്കാർ ഏജൻസിയായ സിഡ്കോയെ തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2011-12 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 2011-12 വർഷത്തെ ഭേദഗതി ചെയ്ത ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നില്ല. |
| (ഇ) | ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പ്രസ്തുത നിർദ്ദേശം ഒഴിവാക്കിയതിനെ തുടർന്ന് അരൂർ എം.എൽ.എ ഈ പ്ലാന്റ് നിർമ്മാണത്തിനായി ആറ് കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് സബ്മിഷൻ ഉന്നയിക്കുകയും തുക അനുവദിക്കാമെന്ന് ഉറപ്പ് നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നല്കിയ ശേഷം കഴിഞ്ഞ ധനകാര്യ വർഷത്തിൽ വേണ്ടി വരാവുന്ന തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഉറപ്പ് നല്കിയിരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഇത് സംബന്ധിച്ച് എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ 3531/B2/11/Envt. എന്ന ഫയലിന്മേൽ പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് അടുത്ത സാമ്പത്തിക വർഷം തുക അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്മേൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ 47123/$PUC_4$/2012/Fin. എന്ന ഫയൽ എന്തു നിർദ്ദേശത്തോടു കൂടിയാണ് തിരിച്ചയച്ചത് എന്ന് അറിയാമോ; | (എഫ്) | ഈ വർഷം ആറു കോടി രൂപ സംസ്ഥാന വിഹിതം അനുവദിക്കണമെന്ന പരിസ്ഥിതി വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി നിർദ്ദേശങ്ങളോടൊപ്പം പ്ലാനിംഗ് ബോർഡിന് സമർപ്പിക്കാനാണ് പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് ശുപാർശ ചെയ്തത്.<br>ടി നിലപാട് ധനകാര്യ വകുപ്പ് അംഗീകരിക്കുകയും നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റ്, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ 'ASIDE' മാർഗ്ഗ നിർദ്ദേശ പ്രകാരം തയ്യാറാക്കി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി ക്കായി സമർപ്പിക്കാൻ ഉപദേശിക്കു കയും ചെയ്തു. |
| (ജി) | കിൻഫ്ര മുഖേന കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച ആറ് കോടി രൂപയ്ക്ക് അടിയന്തിരമായി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ജി) | കേന്ദ്ര വിഹിതം ലഭിക്കാൻ സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവാകേണ്ടതുണ്ട്. |
| (എച്ച്) | സംസ്ഥാന സർക്കാർ വിഹിതമായി ആറ് കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എച്ച്) | എഫ് ലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യം ഈ സാമ്പത്തിക വർഷത്തിൽ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ